സ്ഥാപനങ്ങൾ, എം. പി., എം. എൽ. എ. വികസന ഫണ്ട് ഉപയോഗിച്ചും അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ കേന്ദ്രനിക്ഷേപം

8 (*398) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാദ്ധ്യമപഠനത്തിനും ഗവേഷണത്തിനും സംസ്ഥാനത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എത്രകോടി കേന്ദ്ര നിക്ഷേപം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കേന്ദ്ര നിക്ഷേപത്തിനായി സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) മാദ്ധ്യമപഠനത്തിനും ഗവേഷണത്തിനും സംസ്ഥാനത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നിക്ഷേപം സംബന്ധിച്ച വിവരം താഴെക്കൊടുക്കുന്നു.

ഐ.ഐ.എസ്.ടി.	270 കോടി രൂപ
ഐ.ഐ.എസ്.ഇ.ആർ.	500 കോടി രൂപ
കേന്ദ്രസർവ്വകലാശാല	720 കോടി രൂപ
അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം ക്യാമ്പസ്	400 കോടി രൂപ
ആകെ	1890 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) , ഈ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി സർക്കാരിന്റെ ഭൂമിയോ അല്ലെങ്കിൽ ഭൂമി ഏറ്റെടുത്തോ സൗജന്യമായി നൽകുന്നു. അതുകൂടാതെ ഈ സ്ഥാപനങ്ങളുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടത്താനുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം കേന്ദ്രത്തിനായി 400 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 13.13 കോടി രൂപ ചെലവിട്ട് 122 ഏക്കർ സ്ഥലം ഏറ്റെടുത്ത് സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. ഐ. ഐ. എസ്. ടി.ക്കുവേണ്ടി 16 കോടി രൂപ ചെലവഴിച്ച് 45 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകി. ഐ. ഐ. എസ്. ഇ. ആർ.-ന് വേണ്ടി മൃഗസംരക്ഷണവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 200 ഏക്കർ സർക്കാർ വക സ്ഥലം സൗജന്യമായി നൽകുകയുണ്ടായി.

അദ്ധ്യാപക ശാക്തീകരണം

9 (*399) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 വിഭാവനം ചെയ്യുന്ന പ്രകാരം അദ്ധ്യാപക ശാക്തീകരണം നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അദ്ധ്യാപക പരിശീലന പരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം കഴിവുകൾ വികസിപ്പിക്കുന്നതിനാണ് പരിശീലന പരിപാടിയിൽ ഊന്നൽ നൽകിയത് ;

(ഡി) ഒരു വർഷം എത്ര ദിവസത്തെ പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും കായികാദ്ധ്യാപകർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(എഫ്) അദ്ധ്യാപക പുരസ്ക്കാരങ്ങൾ നൽകുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അദ്ധ്യാപക ശാക്തീകരണം നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പ്രൈമറി അദ്ധ്യാപകർക്കും അവധിക്കാലത്ത് 10 ദിവസത്തെ പരിശീലനവും ഹൈസ്കൂൾ അദ്ധ്യാപകർക്ക് 6 ദിവസത്തെ പരിശീലനവും നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly